# ഓണം ലക്ഷ്യമിട്ട് വാഴകൃഷി

ഓണം, മലയാളികൾ ഏകമനസ്സോടെ ആഘോഷിക്കുന്ന കേരളത്തിന്റെ സ്വന്തം ഉത്സവം. കാണം വിറ്റും ഓണം ഉണ്ണണം എന്ന ചൊല്ല് അന്വർത്ഥമാക്കുന്ന മലയാളി ഓരോ ഓണക്കാലത്തും വിപണിയിൽ കോടിക്കണക്കിന് രൂപയാണ് ചെലവഴിക്കുന്നത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ വിപണിയിൽ ഓരോ വർഷവും നടക്കുന്ന കച്ചവടത്തിന്റെ പാതിയും രണ്ട് മാസത്തോളം നീണ്ടു നിൽക്കുന്ന ഓണ വിപണിയിലാണ്. പച്ചക്കറി വിപണി ഇതിൽ പ്രധാനം. ഈ വിപണി വഴി ലക്ഷക്കണക്കിന് രൂപയുടെ കച്ചവടം നടക്കുന്നു. എന്നാൽ ഇതിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. പ്രധാനമായും തമിഴ്നാട്ടിലേക്ക്. കേരളത്തിലെ കാർഷിക മേഖലയുടെ അവസ്ഥ മുതലെടുത്ത് ഇടനിലക്കാരും ഓണക്കാലത്ത് വൻതോതിൽ ലാഭം കൊയ്യുന്നു. നിസ്സാര വിലയ്ക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന ഉത്പന്നങ്ങൾ കൊള്ളലാഭം ഈടാക്കി കേരള വിപണിയിൽ വിറ്റഴിക്കുന്ന പതിവും പിന്തുടരുന്നു. 2017ലെ ഓണക്കാലത്ത് വാഴക്കായ- വാഴപ്പഴ വിപണിയിൽ കുത്തനെ വില ഉയർന്നിരുന്നു. അടുത്ത ഓണക്കാലത്ത് ഇത്തരത്തിലുള്ള പ്രവണതകൾ അവസാനിപ്പിക്കുക ലക്ഷ്യമിട്ട് കുടുംബശ്രീ എംകെഎസ്പി പദ്ധതി പ്രകാരം ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് ഇന്റൻസീവ് ബനാന കൾട്ടിവേഷൻ. പത്ത് മാസ കാലാവധിയിൽ വിളവെടുത്ത് 2018 ഓണ വിപണിയിൽ വാഴക്കായ ലഭ്യമാക്കും.

## എംകെഎസ്പി (മഹിളാ കിസാൻ സശാക്തീകരൺ പരിയോജന)

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ (എൻആർഎൽഎം) ഭാഗമായി കേരളത്തിൽ നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന. കാർഷിക മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക, പ്രകൃതിക്കും മനുഷ്യരുടെ ആരോഗ്യത്തിനും യാതൊരു പ്രശ്നവുമുണ്ടാക്കാത്ത ജൈവകൃഷി പോലുള്ള മാർഗ്ഗങ്ങളിലൂടെ വനിതകൾക്ക് ഉപജീവന വഴി കണ്ടെത്തി നൽകുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ഈ പദ്ധതിക്കുള്ളത്. വനിതാ കൃഷിക്കാരുടെ സംഘങ്ങൾ (ജെഎൽജി- ജോയ്ന്റ് ലയബിലിറ്റി ഗ്രൂപ്പ്) രൂപീകരിച്ച്

സംഘകൃഷി വഴിയാണ് പദ്ധതി കേരളത്തിൽ കുടുംബശ്രീ പ്രാവർത്തികമാക്കി വരുന്നത്. 60000ത്തോളം കുടുംബശ്രീ വനിതകൾ ചേർന്ന് 55000 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ പദ്ധതി പ്രകാരം കൃഷി ചെയ്തു വരുന്നു. സംസ്ഥാനത്ത് ഓരോ പ്രദേശത്തെയും ജെഎൽജി ഗ്രൂപ്പുകൾ നടത്തുന്ന കൃഷി നിരീക്ഷിക്കാനും മറ്റുമായി ജീവ (ജെഎൽജി ഇവാലുവേഷൻ ഏജന്റ്) ടീമിനെയും നിയോഗിച്ചിട്ടുണ്ട്.

## എറണാകുളത്തെ വാഴകൃഷി

എറണാകുളം ജില്ലയിൽ ആകെ 6567 ജെഎൽജി സംഘങ്ങളാണ് കൃഷി ചെയ്യുന്നത്. ഇവിടെ മാത്രം പ്രത്യേക പരിശീലനം ലഭിച്ച 56 ജീവ ടീം അംഗങ്ങളുമുണ്ട്.

## തുടക്കം

2018ലെ ഓണക്കാലത്ത് വാഴക്കായ- വാഴപ്പഴ വിപണിയിൽ ന്യായമായ വിലയ്ക്ക് ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി വാഴക്കൃഷിയിൽ മാത്രം പ്രത്യേക ശ്രദ്ധ നൽകാൻ സംസ്ഥാന മിഷൻ തീരുമാനിക്കുകയായിരുന്നു. ഇത് അനുസരിച്ച് എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകി. ആ നിർദ്ദേശം അനുസരിച്ചാണ് എറണാകുളം ജില്ലയിലും വ്യാപകമായ തോതിൽ വാഴക്കൃഷി നടത്താൻ തുടങ്ങുന്നത്. ഓരോ ജില്ലയിലെ ഓരോ ബ്ലോക്കിലും കുറഞ്ഞത് 30 ഹെക്ടർ സ്ഥലത്ത് വാഴകൃഷി നടത്തണമെന്ന നിർദ്ദേശമാണ് സംസ്ഥാന മിഷനിൽ നിന്ന് നൽകിയത്.

## പ്രാരംഭ പ്രവർത്തനങ്ങൾ

ജില്ലയിൽ വാഴക്കൃഷി മാത്രം ചെയ്യുന്ന ജെഎൽജി ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുക യായിരുന്നു ആദ്യ പടി. എല്ലാ ബ്ലോക്കിലും കുറഞ്ഞത് 30 ഹെക്ടർ സ്ഥലത്തെങ്കിലും വാഴകൃഷി വേണമെന്ന സംസ്ഥാന മിഷനിൽ നിന്നുള്ള നിബന്ധന പാലിക്കുന്നത് ഉറപ്പു വരുത്തിയതോടെ രണ്ടാമത്തെ ഘട്ടം കഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി വാഴകൃഷി നടത്തുന്നവർക്ക് ഇതേക്കുറിച്ചുള്ള പരിശീലനം ബ്ലോക്ക് കോർഡിനേറ്റർമാർ വഴി നൽകുകയും ചെയ്തു. ഇത് കൂടാതെ ബാങ്ക് ലോണുകളെക്കുറിച്ച് വിശദമായ ക്ലാസ്സുകളും ഓരോ സംഘത്തിനും നൽകി.

2017 ഒക്ടോബറിൽ തന്നെ വാഴകൃഷിക്കായി തെരഞ്ഞെടുത്ത എല്ലായിടത്തും കന്ന് നട്ടുവെന്ന് ജില്ലാ മിഷൻ എംകെഎസ്പി ടീം നേരിട്ട് ഉറപ്പുവരുത്തി. നേന്ത്രവാഴ, പൂവൻ,

ഞാലിപ്പൂവൻ, പാളയംകോടൻ, റോബസ്റ്റ എന്നിങ്ങനെ എല്ലാ വ്യത്യസ്ത ഇനത്തിലുള്ള വാഴകളും കൃഷി ചെയ്യുന്നുണ്ട്. അതിൽ നേന്ത്രവാഴയും ഞാലിപ്പൂവനുമാണ് ഏറ്റവും കൂടുതൽ കൃഷി. ടിഷ്യു കൾച്ചർ കൃഷി നടത്തുന്നവരുമുണ്ട്.




**<u>നിലവിലെ അവസ്ഥ</u>**

ഇപ്പോൾ എറണാകുളം ജില്ലയിൽ പദ്ധതിയുടെ ഭാഗമായി 14 ബ്ലോക്കുകളിലായി 872 ഹെക്ടർ സ്ഥലത്താണ് വാഴകൃഷി നടത്തുന്നത്. 1432 ജെഎൽജികൾ ചേർന്നാണ് ഇത്രയും സ്ഥലത്ത് കൃഷി ചെയ്യുന്നത്. അങ്കമാലി, കോതമംഗലം ബ്ലോക്കുകളിലാണ് ഏറ്റവും കൂടുതൽ വാഴകൃഷിയുള്ളത്. കൃഷിക്കാർക്ക് ബ്ലോക്ക് കോർഡിനേറ്റർമാർ വഴിയും ജീവ ടീം വഴിയും നിർദ്ദേശങ്ങളും വേണ്ട വിധ സഹായങ്ങളും ജില്ലാ മിഷൻ ടീം നൽകുന്നു.

**<u>ഭാവി</u>**

2018 ഓണക്കാലത്തോടെ വിളവെടുത്ത് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന നാട്ടുചന്തകൾ ഉൾപ്പെടെ പ്രാദേശിക വിപണികളിൽ വാഴക്കുലകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.